# 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

771/2014.

ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

# വിഷയനിർണ്ണയ സമിതി XIV
## (ആഭ്യന്തരകാര്യങ്ങൾ)
## (2013-16)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ
„ റ്റി. എ. അഹമ്മദ് കബീർ
„ കോടിയേരി ബാലകൃഷ്ണൻ
„ ബെന്നി ബെഹനാൻ
„ സി. ദിവാകരൻ
„ പി. സി. ജോർജ്
„ മാത്യു റ്റി. തോമസ്
„ തേറമ്പിൽ രാമകൃഷ്ണൻ
„ കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
„ എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
„ എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

### (വിഷയനിർണ്ണയ സമിതി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (ബിൽ നമ്പർ 21), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 2011 ആഗസ്റ്റ് 9-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2014 ജൂൺ 12-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2014 ജൂൺ 17-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1) നിയമ പ്രഖ്യാപന വാക്യത്തിൽ "അറുപത്തിരണ്ടാം സംവത്സരത്തിൽ" എന്ന വാക്കുകൾക്ക് പകരം "അറുപത്തിയഞ്ചാം സംവത്സരത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ് :

> ‘‘(1) ഈ ആക്റ്റിന് 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.".

(3) 4-ാം ഖണ്ഡത്തിൽ, (1) ഉപഖണ്ഡത്തിലെ "ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്'' എന്ന വാക്കുകൾക്ക് പകരം ‘‘ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**ഉമ്മൻ ചാണ്ടി,**
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2014 ജൂൺ 17.

771/2014.

## അനുബന്ധം

## വിയോജനക്കുറിപ്പ്

2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടിന്മേൽ താഴെപ്പറയുന്ന കാരണത്താൽ ഞങ്ങൾ വിയോജനം രേഖപ്പെടുത്തുന്നു.

ഈ ബില്ലിലെ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മീഷന് നൽകാൻ ഉദ്ദേശിച്ചിരിക്കുന്നു. അക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുള്ള അധികാരം സമ്പൂർണ്ണമായിരിക്കേണ്ടതാണ്. എന്നാൽ 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം അക്കാര്യം സർക്കാരിന്റെ തീരുമാനത്തിന് വിടണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുവഴി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന പ്രക്രിയയിൽ ലോക് ആയുക്തയ്ക്ക് ഇടപെടാൻ അവസരം ഒരുക്കിയിരിക്കുന്നു. ഇത് സെക്ഷൻ 3-ലെ (1)-ാം ഉപവകുപ്പ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഏൽപ്പിച്ച് നൽകാനുദ്ദേശിക്കുന്ന അധികാരം ഇല്ലായ്മ ചെയ്യുന്നു. ഇക്കാരണത്താൽ ഈ ബില്ലിനോട് വിയോജിക്കുന്നു.

| | |
|---|---|
| കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. | (ഒപ്പ്) |
| മാത്യു റ്റി. തോമസ്, എം. എൽ. എ. | (ഒപ്പ്) |
| സി. ദിവാകരൻ, എം. എൽ. എ. | (ഒപ്പ്) |